**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2865** **13-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ നിയമത്തിന് വിരുദ്ധമായി മിൽമക്ക് അമിത സാമ്പത്തിക അധികാരം നൽകുന്ന ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ നിയമത്തിനു വിരുദ്ധമായി മിൽമക്ക് അമിത സാമ്പത്തിക അധികാരം നൽകുന്ന ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 01.09.2022 ലെ സ.ഉ (സാ.ധാ)116/2022/ ഡിഡി നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് സംബന്ധിച്ച ഫയൽ സഹകരണ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. |
| (ബി) | സഹകരണ നിയമത്തിന് വിരുദ്ധവും സാമ്പത്തിക ദുർവിനിയോഗത്തിന് ഇടവരുന്നതുമായ പ്രസ്തുത ഉത്തരവ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. |
| (സി) | കരുവന്നൂർ സർവീസ് സഹകരണ ബാങ്ക് തട്ടിപ്പിന്റെ ഭാഗമായി സഹകരണ മേഖലയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പരിഷ്കരണങ്ങൾ ക്ഷീരസഹകരണ മേഖലയിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | സഹകരണ മേഖലയിലെ നിയമപരമല്ലാത്ത പ്രവണതകൾ തടയുന്നതിനുള്ള വ്യവസ്ഥകൾ പുതിയ സഹകരണ നിയമ ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | മിൽമയുടെയും മേഖലാ ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെയും സാമ്പത്തിക ദുർവിനിയോഗം തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | മിൽമയുടെയും മേഖലാ ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെയും സാമ്പത്തിക ദുർവിനിയോഗം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ക്ഷീരവികസന വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ